പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.200 | 07/08/2017 ൽ മറുപടി നല്കേണ്ടത്. |

**കോന്നി താലൂക്ക് ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോന്നി താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണവും ഇതര പ്രവർത്തനങ്ങളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | കോന്നി താലൂക്ക് ആശുപത്രിയുടെ 6000 Sqft. രണ്ടുനിലകെട്ടിടം പണി പൂർത്തീകരിച്ച് ഒ.പി, ഫാർമസി, ലാബ് എന്നിവ അതിലേക്ക് മാറ്റിയിട്ടുണ്ട്. ജറിയാട്രിക് വാർഡിന്റെ നിർമ്മാണപ്രവർത്തി പ്രാരംഭഘട്ടത്തിലാണ്. യാർഡ് കോൺക്രീറ്റിംഗ്, ടൈൽ പാകൽ ഓടസ്ലാബിടൽ എന്നീ പ്രവർത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ പാർട്ടീഷനും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രവർത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | കോന്നി താലൂക്ക് ആശുപത്രിയുടെ നിലവിലുള്ള അപര്യാപ്തതകൾ ബോധ്യ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ; | ബി) | ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, ഡെന്റൽ ഒ.പി, ഗൈനക് വാർഡ്, ഓർത്തോപീഡിക് വാർഡ്, മെഡിക്കൽ ഐ.സി.യു, ക്യാഷ്യാലിറ്റി ഒബ്സർവേഷൻ വാർഡ്, മൈനർ ഓപ്പറേഷൻ വാർഡ് തുടങ്ങിയവ നിർമ്മിക്കേണ്ടതായുണ്ട്. ടി ആശുപത്രി ആർദ്രം പദ്ധതിയിൽ താലൂക്ക് തല വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| സി) | ആശുപത്രിയുടെ കെട്ടിടത്തിന്റെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം; | സി) & ഡി) | താലൂക്ക് ആശുപത്രി ഗൈനക്കോളജി വാർഡിന് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 32 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. ജറിയാട്രിക് വാർഡിന്റെ നിർമ്മാണതുടർച്ചയ്ക്കായി 14,22,000 രൂപയുടെ പ്രവർത്തനങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 34,22,000 രൂപയുടെ നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും |

| | | | |
|---|---|---|---|
| ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | | ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ഇ) | പ്രസ്തുത താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ ശേഷിച്ച പണികൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഇ) & എഫ്) | ശേഷിച്ച പണിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| എഫ്) | പ്രസ്തുത ആശുപത്രിയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ